ബസ് സ്റ്റേഷൻ	കാലാവധി	വരുമാനം
എറണാകുളം	4-8-2004 മുതൽ 31-3-2005 വരെ	1,300 (ഓരോ ദിവസവും ആയിരത്തി മുന്നൂറുരൂപ)
കൊല്ലം	1-4-2004 മുതൽ 31-3-2005 വരെ	1,20,000 (ഒരുലക്ഷത്തി ഇരുപതിനായിരം രൂപ)
അടൂർ		പണംകൊടുത്ത് ഉപയോഗിക്കുന്ന ടോയ്‌ലറ്റ് ഉണ്ടായിരുന്നില്ല.

ഗ്രാമ പ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

52 [3566] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ഇറക്കിയ മിനി ബസ്സുകൾ നാഷണൽ പെർമിറ്റിലും സംസ്ഥാന ഹർജികളിലും, സർവ്വീസ് നടത്താതെ ബൈറൂട്ടുകളിലും റിമോട്ട് ഏരിയകളിലേക്കും സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം മിനി ബസ്സുകൾ കൂടുതൽ നിരത്തിലിറക്കി ഗ്രാമപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വലിയ ബസ്സുകൾ കടന്നുപോകാൻ കഴിയാത്ത ബൈറൂട്ടുകളിലും ഉൾനാടൻ സ്ഥലങ്ങളിലേക്കും മിനിബസ് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. സമാന്തര സർവ്വീസുകളുമായി മത്സരിക്കുന്നതിന് പ്രധാന റോഡുകളിലും മിനി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.യുമായി ബന്ധപ്പെട്ട കേസുകൾ തീർക്കാൻ അദാലത്ത്

53 [3567] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എ.സി.റ്റി. വിധിയിൻമേൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്ര കോടി രൂപ വിവിധ ജില്ലകളിലായി നഷ്ടപരിഹാരം നൽകാനുണ്ടെന്ന് ജില്ല

LIBRARY ARCHIVES Kerala Legislative Assembly